അങ്ങനെയൊരാലോചന നിർഭാഗ്യവശാൽ പിന്നീടുണ്ടായിട്ടില്ല. അതിനെക്കുറിച്ച് ആലോചിക്കേണ്ടതാണ് എന്ന അഭിപ്രായമുണ്ട്. പ്രധാനമായും പറയാനുള്ളത് ഇതിലെ ഒരു സ്കീമിനെ സംബന്ധിച്ചാണ്. ഈ സ്കീമിൽ എന്തെല്ലാം കാര്യങ്ങൾ വേണമെന്നുള്ളത് ഇതിനകത്ത് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിലും ചെത്തുതൊഴിലാളി ക്ഷേമ ആക്ടിന്റെ ചുവടുപിടിച്ചാണ് തയ്യാറാക്കിയിട്ടുള്ളത് എന്നാണ് എനിക്ക് തോന്നുന്നത്. അന്ന് ആ നിയമം പാസ്സാക്കുമ്പോഴും സ്കീമിനെപ്പറ്റി സഭക്ക് കാണാൻ കഴിയാത്ത ചില പോരായ്മകളും അപാകതകളുമുണ്ടായിരുന്നു. സ്കീം അന്നു തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനം അന്നു തുടങ്ങി. എന്നാൽ പിന്നീട് ആ സ്കീമിൽ ഉൾക്കൊള്ളിക്കേണ്ട കാര്യങ്ങൾ എല്ലാം വന്നിട്ടില്ല. അതിന്റെ പ്രവർത്തനങ്ങൾ ശരിയാവുന്നില്ലായെന്നുള്ള വിമർശനങ്ങൾ ഉണ്ടായി. അതേത്തുടർന്ന് അന്നത്തെ ഈ സഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (അന്ന് ഞാൻ അതിന്റെ ചെയർമാനാണ്) ആ സ്കീം സംബന്ധിച്ച് വിശദമായി പഠിച്ച് ബന്ധപ്പെട്ട ആളുകളിൽനിന്നും അവരുടെ അഭിപ്രായങ്ങളൊക്കെ ശേഖരിച്ച് ആ സ്കീമിന് ആവശ്യമായ ഭേദഗതികൾ വരുത്തി ഗവൺമെന്റിന് സമർപ്പിച്ചു. ഭേദഗതി ചെയ്യപ്പെട്ട ആ സ്കീം ഗവൺമെന്റ് അംഗീകരിക്കുകയും അതു നടപ്പാക്കുകയും ചെയ്തു. ആ സ്കീമാണ് ഇന്ന് നിലവിലുള്ളത്. ഇതിൽ ഈ സ്കീം തയ്യാറാക്കുന്ന അവസരത്തിൽ തീർച്ചയായിട്ടും ഇതിന്റെ ഭരണപരമായും മറ്റു കാര്യങ്ങളേയും സംബന്ധിച്ചൊക്കെ ആവശ്യമായിട്ടുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച്.....

മി. ചെയർമാൻ: ബഹുമാനപ്പെട്ട ആർ.എസ്.ഉണ്ണി പ്രസംഗം അവസാനിപ്പിക്കുന്നുണ്ടോ?

ശ്രീ. ആർ.എസ്. ഉണ്ണി: സർ, ഞാൻ അടുത്തപ്രാവശ്യം തുടരാം.

(ചർച്ച തുടരും)

(3) 1985—ലെ കേരളാ പൊതുപ്രവർത്തകർ (അഴിമതി നിരോധനാ ഭേദഗതി ബിൽ

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഞാൻ ഈ ബില്ലിനെ സംബന്ധിച്ച് ചില വസ്തുതകൾ പറയാൻ ആഗ്രഹിക്കുകയാണ്. എന്റെ ഭേദഗതി അവതരിപ്പിച്ചതിനുശേഷം രണ്ടു സുപ്രധാന സംഭവങ്ങൾ നടന്നു. ഒന്ന് അഴിമതി നിരോധനകമ്മീഷൻ അതിന്റെ വാർഷിക റിപ്പോർട്ട് ഈ സഭയിൽ വയ്ക്കുകയുണ്ടായി. രണ്ടാമത്തെ സംഭവം നമ്മുടെ ലോക്സഭയിൽ ലോക്പാൽ ബില്ലിനെക്കുറിച്ചുള്ള പ്രാരംഭ ചർച്ച നടക്കുകയും പ്രസ്തുത ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയക്കുകയും ചെയ്തു. അടുത്ത ലോക്സഭാ സമ്മേളനത്തിൽ സെലക്ട് കമ്മിറ്റിയുടെ റിപ്പോർട്ടോടുകൂടി ഈ ബിൽ വീണ്ടും ചർച്ചയ്ക്ക് വരുന്നതും അവസാനമായി പാസ്സാക്കുന്നതുമാണെന്നാണ് പ്രഖ്യാപനം ഉണ്ടായിട്ടുള്ളത്. എന്നാൽ Kerala Public men Engineering Commission സമർപ്പിച്ച റിപ്പോർട്ടിനെ സംബന്ധിച്ച് കേരളാ ഗവൺമെന്റ് ഇനിയും തീരുമാനം എടുത്തിട്ടില്ല. പ്രസ്തുത റിപ്പോർട്ടിൽ സുപ്രധാനമായ പല നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കമ്മീഷൻ റിപ്പോർട്ടുചെയ്തിട്ടുള്ള ശുപാർശകളുമായി അടുത്തുള്ള ബന്ധമാണ് എന്റെ ഭേഗതി ബില്ലിനുള്ളത്. കമ്മീഷന്റെ ശുപാർശകളിൽ മുഖ്യമായിട്ടുള്ളത് ഈ നിയമത്തിന്റെ രൂപത്തിലും ഭാവത്തിലും മാറ്റം വരുത്തണമെന്നതാണ്. അതിനായി കമ്മീഷൻ ശുപാർശചെയ്തിട്ടുള്ള ഒരു നിർദ്ദേശം, പരാതിക്കാരൻ - പരാതി തെളിയിച്ചില്ലെങ്കിൽ അയാളെ ശിക്ഷിക്കുന്ന വകുപ്പു എടുത്തുകളയണമെന്നാണ്. അങ്ങനെ പരാതിക്കാരനെ ശിക്ഷിക്കുന്ന വകുപ്പു എടുത്തുകളയാനുള്ള കമ്മീഷന്റെ ശുപാർശ ഈ റിപ്പോർട്ടിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. കമ്മീഷന്റെ ശുപാർശകളുടെ കൂട്ടത്തിൽ അക്കാര്യം അവർ പറയുന്നുണ്ട്. അവർ പറയുന്നത് ഈ വകുപ്പു ഭേഗതി ചെയ്യണം എന്നാണ്. കമ്മീഷന്റെ ശുപാർശയിൽ പറയുന്നത് ഇതാണ്. Para (IV) of the Commission's Recommendation:—

"There is a feeling that the provision contained in Section 26 penalising the making of a false allegation against a public man with malicious motive or with intend to cause injury to him, access a deterent against filing complaints before the Commission. It is proposed that Section 26 may be deleted".

ഒരു കൊല്ലം നിയമപ്രകാരം പ്രവർത്തിച്ച കമ്മീഷന്റെ സുചിന്തിതമായ അഭിപ്രായമാണ് 26–ാം വകുപ്പ് എടുത്തുകളയണം എന്നുള്ളത്.

12 noon] അങ്ങനെ ഒരു വകുപ്പ് നിലനിറുത്തിയിട്ടുള്ളതുകൊണ്ട് ജനങ്ങളുടെ ഇടയിൽ സ്വാഭാവികമായും ഒരു ഭീതിയുണ്ടായിട്ടുണ്ട്. കമ്മീഷനെ സമീപിക്കാൻ പലർക്കും മനഃപ്രയാസമുണ്ട്. ഈ പൊല്ലാപ്പ് തലയിൽ വലിച്ചുവെയ്ക്കേണ്ടായെന്നുള്ള ചിന്താഗതി പരാതിക്കാരിൽ ഭൂരിപക്ഷം ആളുകളുടേയും മനസ്സിൽ ഇന്ന് വ്യാപരിച്ചുകൊണ്ടിരിക്കുന്നു. ഇത് മനസ്സിലാക്കിയിട്ടാണ് കമ്മീഷൻ പറഞ്ഞത്, 26–ാം വകുപ്പ് എടുത്തുകളയണമെന്ന്. അങ്ങനെയൊരു വകുപ്പ് വയ്ക്കുന്നതുകൊണ്ട് ഗുണത്തേക്കാളേറെ ദോഷമാണുള്ളത്. ഈ വസ്തുത ബില്ലിന്റെ ചർച്ചാവേളയിലും ഈ ഭാഗത്തുനിന്ന് ഉന്നയിച്ചതാണ്. പക്ഷേ നിർഭാഗ്യവശാൽ, ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് ആ ഭേഗതി അംഗീകരിച്ചില്ല. എന്നാൽ ഒരുകൊല്ലത്തെ പ്രവർത്തനത്തിന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ നമ്മുടെ കമ്മീഷൻ ശുപാർശ ചെയ്തിരിക്കുന്നത്, ഈ വകുപ്പ് എടുത്തു കളയണമെന്നാണ്. മാത്രമല്ല, അവരുടെ ശുപാർശയിൽ ഒരുകാര്യം കൂടി വ്യക്തമാക്കുന്നുണ്ട്. നമ്മുടെ നാട്ടിൽ അഴിമതിയാരോപണങ്ങളുടെ എണ്ണം കുറഞ്ഞിട്ടില്ല, ആളുകളുടെ ഇടയിൽ ഉള്ള ഭീതികൊണ്ടാണ് കമ്മീഷന്റെ മുമ്പിൽ വരാൻ അറയ്ക്കുന്നത്. കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന പ്രസക്തമായ ഭാഗം ഞാൻ വായിക്കാം.

"Corruption and nepotism among public men are freely disguised and there is a growing feeling that the evil was entrunched itself at certain levels of our public life. Whether corruption is actually on the increase, it is difficult to determine. But the belief among general public that it is so, and that a very little is being made to combat it, is itself most disturbing".

മാത്രമല്ല, അവരുടെ റിപ്പോർട്ടിൽ വീണ്ടും പറയുകയാണ്, ഞങ്ങൾക്ക് ആകെ മൂന്നു പരാതികൾ ഒരു വർഷത്തിനുള്ളിൽ കിട്ടി, ആ മൂന്നു പരാതിയെക്കുറിച്ചുമുള്ള പ്രിലിമിനറി റിപ്പോർട്ടുകൾ ഗവൺമെന്റിന് അയച്ചുവെന്ന്. അതുകൊണ്ട് കേരളസംസ്ഥാനം പോലെ വിദ്യാസമ്പന്നമായ ഒരു സംസ്ഥാനത്ത് വളരെ വിജിലൻറായ

LIBRARY ARCHIVES Kerala Legislative Assembly

പബ്ലിക് ഒപ്പിനിയൻ പത്രങ്ങളും പ്രവർത്തിച്ചുകൊണ്ടിരുന്ന ഒരു രാജ്യത്ത് ഇങ്ങനെയൊരു സ്ഥിതിവിശേഷം ഉണ്ടാകാൻ പാടില്ലായിരുന്നു. പക്ഷേ നിർഭാഗ്യവശാൽ അങ്ങനെയൊരു സ്ഥിതിവിശേഷം ഉണ്ടായിരിക്കുകയാണ്. അതാണ് കമ്മീഷൻ വളരെ ശക്തമായി ശുപാർശ ചെയ്യുന്നത്; പലരുടേയും ആരോപണങ്ങൾ ഭയം കൂടാതെ കമ്മീഷന്റെ മുമ്പിൽ കൊണ്ടുവരാനുള്ള ഒരു സാഹചര്യം സൃഷ്ടിക്കണമെന്നാണ്. അങ്ങനെ ഒരു സാഹചര്യം സൃഷ്ടിച്ചതിന്റെ മുൻവിധിയായി 26—ാം വകുപ്പ് ഭേദഗതി ചെയ്യണമെന്നാണ് കമ്മീഷന്റെ വ്യക്തമായ ശുപാർശ. ഈ ശുപാർശയിൻമേൽ ഗവൺമെന്റ് ഇനിയും തീരുമാനമെടുത്തിട്ടില്ല. എന്റെ ഭേദഗതിയും അതുതന്നെയാണ്. ഈ കമ്മീഷൻ റിപ്പോർട്ടു വരുന്നതിന് എത്രയോ മാസങ്ങൾക്കുമുമ്പാണ് ഞാനീ ഭേദഗതി ഈ സഭയിൽ അവതരിപ്പിച്ചത്. അതിനുശേഷം വന്നതാണ് ഈ റിപ്പോർട്ട്. ആ റിപ്പോർട്ടും എന്റെ ഭേദഗതിയും ഒരേ ഉദ്ദേശത്തോടുകൂടി ഉള്ളതാകയാൽ ഗവൺമെന്റ് ഒരു തീരുമാനം ഇനിയും വൈകാതെ എടുക്കണമെന്നുതന്നെയാണ് എന്റെയും സുചിന്തിതമായ അഭിപ്രായം.

മറ്റൊരുകാര്യം എനിക്ക് പറയാനുള്ളത്, നമ്മുടെ പൊതുക്കാര്യ പ്രവർത്തകരുടെ സ്വത്തുസമ്പാദനത്തെക്കുറിച്ചാണ്. ഒരാളിന്റെ വരുമാനത്തിനതീതമായി സ്വത്തു സമ്പാദിച്ചുകഴിഞ്ഞാൽ അത് അന്വേഷിക്കാനുള്ള അധികാരം കമ്മീഷന് ഉണ്ടായിരിക്കണം. പക്ഷേ നിർഭാഗ്യവശാൽ നമ്മുടെ ഈ നിയമത്തിൽ അങ്ങനെയൊരു വ്യവസ്ഥയില്ല. അതെടുത്തുകളഞ്ഞു. ഇതാണ് എന്റെ ഭേദഗതി. കമ്മീഷന്റെ ശുപാർശയും അതുതന്നെയാണ്. കമ്മീഷൻ ശുപാർശ ചെയ്തിരിക്കുന്നതിൽ ഒന്നാമതായി ഇന്നത്തെ അഴിമതിനിരോധന ബില്ലിൽ അഴിമതിയെ സംബന്ധിച്ച് ഉള്ള നിർവ്വചനം തന്നെ വളരെ പരിമിതമാണ്. അതുകൊണ്ട് ഈ നിർവ്വചനത്തിൽ കുറെക്കൂടി വ്യക്തത വരണം. അഴിമതിയെന്നുള്ള വാക്ക് നിർവ്വചിക്കുമ്പോൾ ഒരു പൊതുപ്രവർത്തകൻ അമിതമായി സ്വത്തു സമ്പാദിച്ചാൽ ആ സ്വത്തിനെക്കുറിച്ച് അന്വേഷിക്കാൻ കമ്മീഷന് അധികാരം നൽകണം. അത് അഴിമതിയായി പ്രഖ്യാപിക്കണം. അതുകൊണ്ട് അഴിമതിയുടെ നിർവ്വചനത്തിൽ സ്വത്തുസമ്പാദനം കൂടി ഉൾപ്പെടുത്തണമെന്നാണ് കമ്മീഷൻ ശുപാർശ ചെയ്തിരിക്കുന്നത്. ഇത് തന്നെയാണ് എന്റെ ഭേദഗതികൊണ്ട് ഞാനും ഉദ്ദേശിച്ചത്. കമ്മീഷന്റെ ശുപാർശയുടെ കൂട്ടത്തിൽ വ്യക്തമായി പറയുന്നുണ്ട്.... We would therefore propose a new Sub-section I (a) of Section 3 as follows:

Definition Clause : A public man may be said to have committed corruption, if he or any other member of his family or anyone else on his behalf is in possession or has at any time during the period of his Office being in possession of property or pecuniary resources for which the public man cannot satisfactorily account disproportionate to his known source of income— ഇതിനൊരു കോൺക്രീറ്റ് എക്സാമ്പിളാണ് ശ്രീ. ബാലകൃഷ്ണപിള്ളയെ സംബന്ധിച്ച് നാലു കെട്ടിടങ്ങളുടെ പടം പത്രത്തിൽ വന്നത്. അതിന് അദ്ദേഹത്തിന്റെ വരുമാനവുമായിട്ട് യാതൊരു ബന്ധവുമില്ലാത്ത നിലയിൽ ഉള്ള ഒരു വിവരണമാണ് കിട്ടിയത്. മാത്രമല്ല, അടുത്തകാലത്ത് സി.ബി.ഐ. ക്കാരോ മറ്റോ അന്വേഷിച്ച് പത്തുലക്ഷംരൂപ റെഡിക്യാഷായി എടുത്ത

LIBRARY ARCHIVES Kerala Legislative Assembly

തായും പത്രത്തിൽ വരികയുണ്ടായി. അങ്ങനെയുള്ള ആരോപണങ്ങളും ഒരു പൊതുപ്രവർത്തകന്റെ മേൽ വന്നിട്ടുണ്ട്. ഇതിനെക്കുറിച്ച് അന്വേഷിക്കാൻ ഈ നിയമത്തിൽ വ്യവസ്ഥയില്ല. എന്തുകൊണ്ടെന്നുപറഞ്ഞാൽ കറപ്ഷന്റെ നിർവ്വചനത്തിൽ ഇത് ഉൾപ്പെടുന്നില്ല. അതുകൊണ്ട് അഴിമതിയുടെ നിർവ്വചനത്തിൽ പൊതുക്കാര്യപ്രവർത്തകൻ വരുമാനവുമായി യാതൊരു ബന്ധവുമില്ലാത്ത രീതിയിൽ അമിതമായി സ്വത്ത് സമ്പാദിച്ചത് അഴിമതിയായിട്ട് നിർവ്വചനത്തിൽ പെടുത്തണം. എന്റെ ബില്ലിന്റെ ലക്ഷ്യവും അതാണ്. ഈ റിപ്പോർട്ട് വരുന്നതിനുമുമ്പാണ് ഞാൻ കൊടുത്തതെങ്കിൽ എന്റെ അമെൻറുമെൻറ് എത്രമാത്രം ശരിയായിരുന്നു എന്ന് ഈ കമ്മീഷന്റെ റിപ്പോർട്ടിന്റെ ശുപാർശയുമായി വളരെ വ്യക്തത കാണുന്നുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ ഗവൺമെൻറ് എന്ത് തീരുമാനം എടുത്തുവെന്നുള്ളത് വളരെ പ്രസക്തമാണ്. അതുകൊണ്ട് അഴിമതിയെന്നുള്ള വാക്കിന്റെ നിർവ്വചനത്തിൽ സ്വത്തുസമ്പാദനം വ്യക്തമായി ഉൾപ്പെടുത്തണം.

ശ്രീ. വയലാർരവി: ബില്ലിൽ definition (C) യിൽ പറയുന്നത് "(c)……by corrupt or illegal means or by otherwise abusing his position as a publicman obtains for himself or for anyother person. any valuable thing or pecuniary advantage"……Sir. This amounts to corruption according to this definition.

ശ്രീ. വർക്കല രാധാകൃഷ്ണൻ: അത് വരില്ല. കാരണം ഒരാളിനെക്കുറിച്ച് അഴിമതിയാരോപണം നടത്തിയാൽ അതിന്റെ ഭാഗമായിട്ട് ഒരു അന്വേഷണം മാത്രമേ വരൂ. സബ്സറ്റാൻഷ്യലായിട്ട് ഒരു പ്രൊവിഷനില്ല. അഴിമതിയെന്നുള്ള ആ നിർവ്വചനത്തിൽ സബ്സ്റ്റാൻഷ്യലായിട്ട് സ്വത്ത് സമ്പാദിക്കുന്നത്, **disproportionate** to his income എന്നുള്ള നിലയിൽ വ്യക്തമായി **ചേർക്കാതെ** ബഹുമാനപ്പെട്ട മന്ത്രി ചൂണ്ടിക്കാണിച്ച general പ്രൊവിഷൻ പോരാ. അതാണ് കമ്മീഷൻ ശുപാർശ ചെയ്തിരിക്കുന്നത്, Paragraph VI (13)—ൽ അതു പറഞ്ഞിട്ടുണ്ട്. summary of recommendations—ൽ അത് വ്യക്തമാക്കുന്നുണ്ട്. Last paragraph of the summary of recommendations…. Please refer to the recommendation of the Commission. "A Publicman may have said to committed corruption……" ഇത് ഞാൻ മുമ്പ് വായിച്ചതാണ്. അങ്ങനെയൊരു വ്യക്തത ഉണ്ട്. അതുകൂടി ചേർക്കണം. എന്റെ ഭേദഗതികൊണ്ടുദ്ദേശിക്കുന്ന മറെറാരുകാര്യം കേരളനിയമസഭയിലെ പല മന്ത്രിമാരെ സംബന്ധിച്ച്, പൊതുപ്രവർത്തകരെ സംബന്ധിച്ച് അഴിമതിയാരോപണങ്ങളും ഉണ്ടായിട്ടുണ്ട്. ഇന്നും നിലനിൽക്കുന്നുമുണ്ട്. അത് ഞാൻ ആവർത്തിക്കുന്നില്ല.

(ചർച്ച തുടരും)

(4) 1985—ലെ കേരള വേനനിർമ്മാണ സഹകരണസംഘം ബിൽ

ശ്രീ. എം.എം. ഹസ്സൻ: സർ, ഞാൻ ഉദ്ദേശിക്കുന്നത് വേന നിർമ്മാണ സഹകരണ സംഘങ്ങളെ സംബന്ധിച്ച് അതിന്റെ പ്രവർത്തനത്തിന് ഗവൺമെൻറിന്റെ ഭാഗത്തുനിന്നും ചില സഹായങ്ങളും വേണം. ഗവൺമെൻറ് അത് പരിഗണിക്കുകയാണെങ്കിൽ ഞാൻ ഇന്നുതന്നെ ഇതിനെക്കുറിച്ചുള്ള എന്റെ പ്രസംഗം അവസാനിപ്പിക്കാം. നമ്മുടെ സംസ്ഥാനത്തെ വേനനിർമ്മാണ സഹകരണസംഘങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly